**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3670 | 14/03/2017-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി താലൂക്ക് ആസ്ഥാന ആശുപത്രികളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് വിശദീകരിക്കാമോ; | എ) | ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ നൂറ് ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയത്തിനും നിയന്ത്രണത്തിനുമായി എൻ.സി.ഡി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് ഫണ്ടുകൾ വിനിയോഗിച്ചുകൊണ്ട് ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ്, ഡയറ്റീഷ്യൻമാർ തുടങ്ങിയ ജിവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഈ ക്ലിനിക്കുകളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തിരഞ്ഞെടുത്ത ആശുപത്രികളിൽ കൊറൊണറി കെയർ യൂണിറ്റ് ആരംഭിക്കുന്നതിനും കാത്ത് ലാബുകൾ സജ്ജീകരിക്കുന്നതിനും ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ഇതിന് പുറമെ ഡയബറ്റിക്ക് റെറ്റിനോപതി, ഡയബറ്റിക് ഫൂട്ട് (Foot) ക്ലിനിക്ക്. സി.ഒ.പി.ഡി ക്ലിനിക്ക്, പക്ഷാഘാത ക്ലിനിക്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | ബി) | കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടം ഘട്ടമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സികളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ വിപുലപ്പെടുത്തും. മാതൃശിശു ആരോഗ്യ കാര്യങ്ങൾക്കും, പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്ത സമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലിരോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേയ്ക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും, അറിവും, വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും, കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാകും. |

സെക്ഷൻ ഓഫീസർ